# 9. മനുഷ്യ പരീക്ഷണ പ്രക്രിയ

ആത്യന്തികമായി പറഞ്ഞാൽ ദൈവികപരീക്ഷണം ലക്ഷ്യമിടുന്നത് മനുഷ്യബയോസിസ്റ്റത്തിലെ മനസ്സെന്ന പ്രോസസ്സറിന്റെ പ്രവർത്തനത്തെയാണ്. തീരുമാനസ്വാതന്ത്ര്യമുള്ള ഘടകമായതിനാൽ മനുഷ്യമനസ്സിന്റെ ഇംഗിതമനുസരിച്ചു ചെയ്യുന്ന പ്രവർത്തനങ്ങളെയാണ് അല്ലാഹു നിരീക്ഷിക്കുന്നതും പരീക്ഷിക്കുന്നതും. അതായത് മനസ്സറി ഞ്ഞുകൊണ്ട് ചെയ്യുന്നതും അതിന്റെ ഉദ്ദേശ്യവും അല്ലാഹുവിന്റെ കൽപനകൾക്കനുസൃതമാണോ അല്ലയോ എന്നതാണ് പരീക്ഷണത്തിന്റെ കാതലായ വശം. അല്ലാഹു പറയുന്നത് കാണുക.

لَا يُؤَاخِذُكُمُ اللَّهُ بِاللَّغْوِ فِي أَيْمَانِكُمْ وَلَٰكِن يُؤَاخِذُكُم بِمَا كَسَبَتْ قُلُوبُكُمْ ۗ وَاللَّهُ غَفُورٌ حَلِيمٌ

2:225 (ബോധപൂർവ്വമല്ലാതെ) വെറുതെ പറഞ്ഞുപോകുന്ന ശപഥവാക്കുകൾ മൂലം അല്ലാഹു നിങ്ങളെ പിടികൂടുന്നതല്ല. പക്ഷെ, നിങ്ങൾ മനസ്സറിഞ്ഞ് പ്രവർത്തിച്ചതിന്റെ പേരിൽ അല്ലാഹു നിങ്ങളെ പിടികൂടുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും സഹനശീലനുമാകുന്നു.

ادْعُوهُمْ لِآبَائِهِمْ هُوَ أَقْسَطُ عِندَ اللَّهِ ۚ فَإِن لَّمْ تَعْلَمُوا آبَاءَهُمْ فَإِخْوَانُكُمْ فِي الدِّينِ وَمَوَالِيكُمْ ۚ وَلَيْسَ عَلَيْكُمْ جُنَاحٌ فِيمَا أَخْطَأْتُم بِهِ وَلَٰكِن مَّا تَعَمَّدَتْ قُلُوبُكُمْ ۚ وَكَانَ اللَّهُ غَفُورًا رَّحِيمًا

33:5 നിങ്ങൾ അവരെ (ദത്തുപുത്രൻമാരെ) അവരുടെ പിതാക്കളിലേക്ക് ചേർത്ത് വിളിക്കുക. അതാണ് അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും നീതിപൂർവ്വകമായിട്ടുള്ളത്. ഇനി അവരുടെ പിതാക്കളെ നിങ്ങൾ അറിയില്ലെങ്കിൽ അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളും മിത്രങ്ങളുമാകുന്നു. അബദ്ധവശാൽ നിങ്ങൾ ചെയ്തു പോയതിൽ നിങ്ങൾക്ക് കുറ്റമില്ല. പക്ഷെ നിങ്ങളുടെ മനസ്സുകൾ അറിഞ്ഞുകൊണ്ടു ചെയ്തത് (കുറ്റകരമാകുന്നു). അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

മനസ്സ് എടുക്കുന്ന തീരുമാനങ്ങളും, തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്ന കർമ്മങ്ങളും അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കണം. അത് സാധ്യമാകണമെങ്കിൽ മനസ്സിന്റെ തീരുമാനസ്വാതന്ത്ര്യം സ്വമേധയാ അടിയറവെച്ച് സ്വന്തം ഇഷ്ടങ്ങൾക്ക് പകരം അല്ലാഹുവിന്റെ തൃപ്തി മാത്രം ആഗ്രഹിച്ച് അല്ലാഹുവിന്റെ കൽപനകൾക്കനുസൃതമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള വ്യക്തി സ്വാഭാവികമായും അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്ന പ്രപഞ്ച ത്തിലെ മറ്റു വ്യവസ്ഥകളെ പോലെ മുസ്‌ലിമായി മാറും. മനുഷ്യനെ പരീക്ഷിക്കാനാവശ്യമായ എല്ലാ സൗകര്യങ്ങളും മനുഷ്യബയോസിസ്റ്റത്തിൽ തന്നെ അല്ലാഹു സംവിധാനിച്ചിട്ടുണ്ട്. വ്യക്തിയുടെ മനസ്സിന്റെ ഹിതമനുസരിച്ച് നേർവഴിയിലേക്കോ ദുർമാർഗത്തിലേക്കോ അയാളെ നയിക്കാനുള്ള സംവിധാനം, മനസ്സിന്റെ തീരുമാനങ്ങളും, തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്ന കർമ്മങ്ങളും തത്സമയം മെമറിയിൽ (സദ്റിൽ) രേഖപ്പെടുത്തി സൂക്ഷിക്കാനുള്ള സംവിധാനം, അങ്ങനെ രേഖപ്പെടുത്തി വെക്കപ്പെട്ട വിവരത്തിന്റെ അടിസ്ഥാനത്തിൽ മരണസമയം വ്യക്തിയുടെ വിധി (പരലോക ജയ-പരാജയം) നിർണ്ണയിക്കാനുള്ള സംവിധാനം എന്നിവയാണവ. ഇവയെല്ലാം തന്നെ മനുഷ്യബയോസോഫ്റ്റ്വെയറിലെ പ്രത്യേകം പ്രോഗ്രാമുകളാണ് നിയന്ത്രിക്കുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്. ഇവയിൽ മനസ്സിന്റെ ഹിതമനുസരിച്ചുള്ള വ്യക്തിയുടെ പ്രവർത്തനമനുസരിച്ച് നേർവഴിയിലേക്കോ ദുർമാർഗത്തിലേക്കോ നയിക്കുന്ന സംവിധാനമാണ് ഇവിടെ വിവരിക്കുന്നത്.

പരീക്ഷണ പ്രക്രിയയെ സംബന്ധിച്ച് പല സംശയങ്ങളും തെറ്റിദ്ധാരണകളും മുസ്‌ലിംകൾക്കിടയിൽ നിലനിൽക്കുന്നുണ്ട്. ഹദീസുകളുടെ അടിസ്ഥാനത്തിൽ ചിലർ ധരിച്ചിരിക്കുന്നത് ഒരു വ്യക്തിയുടെ വിധി (അതായത് പരലോക ജയപരാജയം) ജനിക്കുന്നതിനു മുമ്പ് തന്നെ മാതാവിന്റെ ഗർഭപാത്രത്തിൽ വെച്ച് തീരുമാനിക്കപ്പെടുമെന്നാണ്. ഇത് തീർത്തും യുക്തിക്ക് നിരക്കാത്തതും ഖുർആന്റെ സത്തക്ക് തന്നെ വിരുദ്ധവുമായ ആശയമാണ്. അങ്ങനെയാണെങ്കിൽ ഈ പ്രപഞ്ചം സൃഷ്ടിക്കേണ്ടതും മനുഷ്യനെ പരീക്ഷിക്കേണ്ടതും ആവശ്യമായിരുന്നില്ലല്ലോ?

ഖുർആനിൽ പല ആയത്തുകളിലൂടെ നൽകിയതായ 'അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു; അവൻ ഉദ്ദേശിക്കുന്നവരെ ദുർമാർഗത്തിലാക്കുകയും ചെയ്യുന്നു' എന്ന സന്ദേശവും ഇതുപോലെ തെറ്റായാണ് മനസ്സിലാക്കിയിരിക്കുന്നത്. മനുഷ്യനെ

നേർവഴിയിലാക്കുന്നതും ദുർമാർഗത്തിലാക്കുന്നതും അല്ലാഹുവാണെന്ന് പറയുന്നത് കാരണം മനുഷ്യന് അതിൽ ഒരു പങ്കുമില്ലെന്നാണ് ധരിച്ചിരിക്കുന്നത്. ഖുർആൻ പറയുന്നത് കാണുക.

مَنْ يُضْلِلِ اللَّهُ فَلَا هَادِيَ لَهُ ۚ وَيَذَرُهُمْ فِي طُغْيَانِهِمْ يَعْمَهُونَ

7:186 ഏതൊരുവനെ അല്ലാഹു പിഴവിലാക്കുന്നുവോ അവനെ നേർവഴിയിലാക്കാൻ പിന്നെ ആരുമില്ല. അവരുടെ ധിക്കാരത്തിൽ അന്ധമായി വിഹരിച്ചുകൊള്ളാൻ അല്ലാഹു അവരെ വിട്ടേക്കുന്നതുമാണ്.

وَلَوْ شَاءَ اللَّهُ مَا أَشْرَكُوا ۗ وَمَا جَعَلْنَاكَ عَلَيْهِمْ حَفِيظًا ۖ وَمَا أَنْتَ عَلَيْهِمْ بِوَكِيلٍ

6:107 അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവർ (അവനോട്) പങ്കുചേർക്കുമായിരുന്നില്ല. നിന്നെ നാം അവരുടെ മേൽ ഒരു കാവൽക്കാരനാക്കിയിട്ടുമില്ല. നീ അവരുടെ മേൽ ഉത്തരവാദിത്തം ഏൽപിക്കപ്പെട്ടവനുമല്ല.

وَلَوْ شَاءَ اللَّهُ لَجَعَلَكُمْ أُمَّةً وَاحِدَةً وَلَٰكِنْ يُضِلُّ مَنْ يَشَاءُ وَيَهْدِي مَنْ يَشَاءُ ۚ وَلَتُسْأَلُنَّ عَمَّا كُنْتُمْ تَعْمَلُونَ

16:93 അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ അവൻ ഏകസമുദായമാക്കുമായിരുന്നു. എന്നാൽ താൻ ഉദ്ദേശിക്കുന്നവരെ അവൻ ദുർമാർഗത്തിലാക്കുകയും, താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുകയും ചെയ്യും. നിങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതിനെപ്പറ്റി നിങ്ങൾ ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും.

'അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു; അവൻ ഉദ്ദേശിക്കുന്നവരെ ദുർമാർഗത്തിലാക്കുകയും ചെയ്യുന്നു' എന്ന സന്ദേശം പ്രഥമദൃഷ്ട്യാ ആശയക്കുഴപ്പം സൃഷ്ടിക്കുന്നതായി തോന്നിയേക്കാം. അങ്ങനെ സംഭവിക്കുന്നത് ദൈവികകാര്യങ്ങളെ മനുഷ്യവീക്ഷണാടിസ്ഥാനത്തിൽ അപഗ്രഥിക്കുന്നത് കൊണ്ടാണ്. 'എന്റെ ഇഷ്ടംപോലെ ഞാൻ ചെയ്യും' എന്ന് ഒരാൾ പറയുമ്പോൾ അത് അർത്ഥമാക്കുന്നത് എനിക്ക് തോന്നുന്ന വിധത്തിൽ ഞാൻ ചെയ്യുമെന്നാണ്. പക്ഷേ, 'എന്റെ ഇഷ്ടംപോലെ ഞാൻ ചെയ്യും' എന്ന് അല്ലാഹു പറയുമ്പോൾ അത് വിവക്ഷിക്കുന്നത് സമ്പൂർണ്ണ നീതിയോടുകൂടിയ കൃത്യനിർവഹണമാണ്. 'അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു; അവൻ ഉദ്ദേശിക്കുന്നവരെ ദുർമാർഗത്തിലാക്കുകയും ചെയ്യുന്നു' എന്ന സന്ദേശം മനുഷ്യന്റെ കാഴ്ചപ്പാടിലൂടെ കാണുന്നതുകൊണ്ടാണ് ആശയക്കുഴപ്പവും സംശയവുമൊക്കെ ഉണ്ടാകുന്നത്. 'താൻ ഉദ്ദേശിക്കുന്നവരെ അവൻ ദുർമാർഗത്തിലാക്കുകയും, താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുകയും ചെയ്യുന്നു' എന്ന് പറയുന്ന 16:93 ആയത്തിൽ തന്നെ 'നിങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നതിനെപ്പറ്റി നിങ്ങൾ ചോദ്യം ചെയ്യപ്പെടുക തന്നെ ചെയ്യും' എന്നും അല്ലാഹു പറയുന്നുണ്ട്. അല്ലാഹുവിന്റെ പരീക്ഷണപ്രക്രിയയെ ഖുർആനിലെ ആയത്തുകളുടെ സമഗ്രമായ വീക്ഷണത്തിലൂടെ മാത്രമെ മനസ്സിലാക്കാൻ സാധ്യമാകൂ.

അല്ലാഹു നൽകിയ കഴിവുകളുടെ പരിധിക്കുള്ളിൽ മാത്രമെ ഒരു വ്യക്തി പരീക്ഷിക്കപ്പെടുകയുള്ളൂ. ഒരാളുടെ കഴിവിനൊത്ത് അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചു ജീവിക്കേണ്ട ചുമതല അയാൾക്കുണ്ട്. അല്ലാഹു ഒരാളുടെ കഴിവിനപ്പുറം അയാളിൽനിന്ന് പ്രതീക്ഷിക്കുന്നില്ലെന്നു മാത്രമല്ല, ആവശ്യപ്പെടുന്നുമില്ല.

وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ لَا نُكَلِّفُ نَفْسًا إِلَّا وُسْعَهَا أُولَٰئِكَ أَصْحَابُ الْجَنَّةِ ۖ هُمْ فِيهَا خَالِدُونَ

7:42 വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ – ഒരാൾക്കും അയാളുടെ കഴിവിൽ പെട്ടതല്ലാതെ നാം ബാധ്യതയേൽപ്പിക്കുന്നില്ല – അവരാണ് സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും.

لَا يُكَلِّفُ اللَّهُ نَفْسًا إِلَّا وُسْعَهَا ۚ لَهَا مَا كَسَبَتْ وَعَلَيْهَا مَا اكْتَسَبَتْ ۗ رَبَّنَا لَا تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا ۚ
رَبَّنَا وَلَا تَحْمِلْ عَلَيْنَا إِصْرًا كَمَا حَمَلْتَهُ عَلَى الَّذِينَ مِنْ قَبْلِنَا ۚ رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِ ۖ وَاعْفُ
عَنَّا وَاغْفِرْ لَنَا وَارْحَمْنَا ۚ أَنْتَ مَوْلَانَا فَانْصُرْنَا عَلَى الْقَوْمِ الْكَافِرِينَ

2:286 അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ സൽഫലം അവരവർക്കുതന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ ദുഷ്ഫലവും അവരവരുടെ മേൽ തന്നെ. ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് തെറ്റുപറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയതു

പോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പുനൽകുകയും ഞങ്ങളോട് പൊറുക്കുകയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതയ്ക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ.

വൈവിധ്യമാർന്ന ബയോസോഫ്റ്റ്വെയറു(നഫ്സു)കളാണ് അല്ലാഹു സൃഷ്ടിക്കുന്നത്. അവയിൽനിന്നുണ്ടാകുന്ന വ്യക്തികൾ സ്വാഭാവികമായും എല്ലാ വിധത്തിലും (ശാരീരികമായും മാനസികമായും) വ്യത്യസ്തമായിരിക്കും. ഒരു സിക്താണ്ഡം (zygote) വിഭജിച്ച് ഉണ്ടാകുന്ന ഇരട്ടക്കുട്ടികൾ പോലും (അവരെ identical twins എന്നാണ് വിളിക്കുന്നതെങ്കിലും) വ്യത്യസ്ത സ്വഭാവങ്ങളും കഴിവുകളുമാണ് പ്രകടിപ്പിക്കുന്നത്. കോടാനുകോടി വൈവിധ്യമാർന്ന മനുഷ്യറൊബോട്ട് വ്യവസ്ഥകളെയാണ് പരീക്ഷിക്കാനായി അല്ലാഹു സൃഷ്ടിക്കുന്നത്. മനുഷ്യരെല്ലാം ഒരുപോലെയാണെങ്കിൽ ഒരാളെ മാത്രം പരീക്ഷിച്ചാൽ മതിയാകുമായിരുന്നല്ലോ. പക്ഷേ അല്ലാഹുവിന്റെ ഉദ്ദേശ്യം വ്യത്യസ്ത സ്വഭാവ ഗുണങ്ങളും കഴിവുകളുമുള്ള മനുഷ്യരെ സൃഷ്ടിച്ച് അവരെയെല്ലാം പരീക്ഷിച്ച് തന്റെ നിർദ്ദേശങ്ങൾ അനുസരിക്കുന്നവരെ തെരഞ്ഞെടുക്കാനാണ്. സൃഷ്ടിക്കപ്പെടുന്ന മനുഷ്യരെ അവരുടെ കഴിവുകൾക്കനുസൃതമായി പരീക്ഷിച്ച് വിലയിരുത്തുമ്പോൾ അതിനാവശ്യമായ സംവിധാനം മനുഷ്യബയോസിസ്റ്റത്തിൽ ഉണ്ടായിരിക്കണമെന്നത് അനിവാര്യമാണ്.

മനുഷ്യബയോസിസ്റ്റത്തിൽ അല്ലാഹുവിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി വ്യക്തിയുടെ കഴിവുകളും കണക്കിലെടുത്തുകൊണ്ട് മനസ്സിന്റെ പ്രവർത്തനങ്ങൾക്കനുസൃതമായി അതിനെ നേർവഴിയിലേക്കോ ദുർമാർഗത്തിലേക്കോ നയിക്കുന്ന പ്രോഗ്രാം സംവിധാനം ഉണ്ടെന്നാണ് 'അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു; അവൻ ഉദ്ദേശിക്കുന്നവരെ ദുർമാർഗത്തിലാക്കുകയും ചെയ്യുന്നു' എന്ന സന്ദേശം സൂചിപ്പിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ, മനസ്സിന്റെ തീരുമാന–പ്രവർത്തനങ്ങൾക്കനുസൃതമായി അതിനെ നേർവഴിയിലേക്ക് നയിക്കുന്ന ഒരു പ്രോഗ്രാമും, ദുർമാർഗത്തിലേക്ക് നയിക്കുന്ന മറ്റൊരു പ്രോഗ്രാമും മനുഷ്യശരീരത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അനുമാനിക്കാം. അതായത് മനസ്സ് അതിന്റെ തീരുമാനസ്വാതന്ത്ര്യം എങ്ങനെയാണ് ഉപയോഗിക്കുന്നത്, അതനുസരിച്ചായിരിക്കും ഒരു വ്യക്തി നേർവഴി പ്രാപിക്കുന്നതും അല്ലെങ്കിൽ ദുർമാർഗത്തിലാവുന്നതും. ഈ പ്രക്രിയ പൂർണ്ണമായും ദൈവിക സംവിധാനത്തിന്മേലായത് കൊണ്ടാണ് നേർവഴിയിലാകുന്നതും വഴിതെറ്റലും അല്ലാഹു ഉദ്ദേശിച്ചത് പോലെയാകുന്നു എന്ന് പറയുന്നത്. ഈ പ്രക്രിയയിൽ മനുഷ്യമനസ്സിനെ വഴിതെറ്റിക്കുന്ന സംവിധാനമാണ് സാത്താൻ. മനുഷ്യബയോസിസ്റ്റത്തിൽ അല്ലാഹുവിന്റെ അനുമതിയോടെ ഇബ്‌ലീസ് സ്ഥാപിച്ച വൈറസ് പ്രോഗ്രാമാണ് സാത്താൻ. ഈ വിഷയം പിന്നീട് ചർച്ച ചെയ്യപ്പെടുന്നുണ്ട്.

മനസ്സിലേക്ക് സംപ്രേഷണം ചെയ്യപ്പെടുന്ന വിവരത്തെ നിയന്ത്രിക്കാനുള്ള കഴിവ് മനസ്സിനില്ല. മനസ്സിലേക്ക് എത്തുന്ന വിവരത്തെ അല്ലെങ്കിൽ സന്ദേശത്തെ സ്വീകരിക്കാനോ തള്ളിക്കളയാനോയുള്ള സ്വാതന്ത്ര്യം മാത്രമെ അതിനുള്ളു. ഈ സ്വാതന്ത്ര്യം ഉപയോഗിച്ച് സാത്താന്റെ പ്രലോഭനങ്ങളെ തള്ളിക്കളയുകയും അല്ലാഹുവിന്റെ നിർദ്ദേശങ്ങളെ സ്വീകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഒരു വ്യക്തി അല്ലാഹുവിന്റെ മാർഗത്തിലേക്ക് നയിക്കപ്പെടണമെങ്കിൽ അയാളുടെ മനസ്സ് ഈ വിധത്തിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിലേക്ക് ഒരു വ്യക്തി നയിക്കപ്പെടുന്നത് അയാളുടെ മനസ്സെടുക്കുന്ന തീരുമാനത്തിന്റെയും അതനുസരിച്ചുള്ള പ്രവർത്തനത്തിന്റെയും ഫലമായാണ്. അയാളുടെ മനസ്സിന്റെ പ്രതികരണങ്ങൾ നേർമാർഗത്തിലേക്ക് നയിക്കുന്ന പ്രോഗ്രാമിന്റെ നിബന്ധനകളെ തൃപ്തിപ്പെടുത്തുന്നവയാണെങ്കിൽ ആ പ്രോഗ്രാം സ്വാഭാവികമായും അയാളുടെ മനസ്സിന് കൂടുതൽ കൂടുതൽ പ്രേരണ നൽകി അല്ലാഹുവിന്റെ മാർഗത്തിലേക്ക് നയിക്കുന്നു. മനസ്സിന്റെ പ്രതികരണം മറിച്ചാണെങ്കിൽ അതനുസരിച്ച് സാത്താൻ വൈറസ് അയാളുടെ മനസ്സിനെ ദുർമാർഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. അതായത്, ഒരു വ്യക്തി അയാളുടെ മനസ്സിന്റെ തീരുമാനസ്വാതന്ത്ര്യമുപയോഗിച്ച് ചെയ്യുന്ന പ്രവർത്തനങ്ങളെ അയാളുടെ കഴിവുകളനുസരിച്ച് വിലയിരുത്തി അയാളെ നേർവഴിയിലേക്ക് അല്ലെങ്കിൽ ദുർവഴിയിലേക്ക് നയിക്കുന്നത് മനുഷ്യശരീരത്തിലുള്ള അല്ലാഹുവിന്റെ സംവിധാനം തന്നെയാണ്. 'അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു; അവൻ ഉദ്ദേശിക്കുന്നവരെ ദുർമാർഗത്തിലാക്കുകയും ചെയ്യുന്നു' എന്ന സന്ദേശത്തെ ഈ വിധത്തിലാണ് മനസ്സിലാക്കേണ്ടത്. അതുകൊണ്ടാണ് ഖുർആനിലെ കൽപനകൾ മനുഷ്യൻ ചിന്തിച്ചു

മനസ്സിലാക്കി മനസ്സെന്ന പ്രോസസ്സർ അതിന്റെ തീരുമാനസ്വാതന്ത്ര്യം ഉപയോഗിച്ച് അല്ലാഹുവിന്റെ കൽപനകൾ സ്വീകരിക്കാൻ അല്ലാഹു നിർദ്ദേശിക്കുന്നത്. മറിച്ച് സാത്താന്റെ പ്രേരണകൾക്കാണ് വഴങ്ങുന്നതെങ്കിൽ അത് അയാളെ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കുകയും ചെയ്യും. അനേകം സൂക്തങ്ങളിലൂടെ ഈ വസ്തുത അല്ലാഹു മനുഷ്യനെ ഉണർത്തുന്നു.

إِنَّا هَدَيْنَاهُ السَّبِيلَ إِمَّا شَاكِرًا وَإِمَّا كَفُورًا

76:3 തീർച്ചയായും നാം (അല്ലാഹു) അവന് (മനുഷ്യന്) വഴികാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു, അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു.

إِنَّ هَٰذِهِ تَذْكِرَةٌ ۖ فَمَنْ شَاءَ اتَّخَذَ إِلَىٰ رَبِّهِ سَبِيلًا

73:19 തീർച്ചയായും ഇത് (ഖുർആൻ) ഒരു ഉൽബോധനമാകുന്നു. അതിനാൽ വല്ലവനും ഉദ്ദേശിക്കുന്ന പക്ഷം അവൻ തന്റെ രക്ഷിതാവിങ്കലേക്കുള്ള ഒരു മാർഗം (ഖുർആൻ) സ്വീകരിച്ചുകൊള്ളട്ടെ.

وَإِذَا قِيلَ لَهُمُ اتَّبِعُوا مَا أَنْزَلَ اللَّهُ قَالُوا بَلْ نَتَّبِعُ مَا أَلْفَيْنَا عَلَيْهِ آبَاءَنَا ۗ أَوَلَوْ كَانَ آبَاؤُهُمْ لَا يَعْقِلُونَ شَيْئًا وَلَا يَهْتَدُونَ

2:170 അല്ലാഹു അവതരിപ്പിച്ചത് (ഖുർആൻ) നിങ്ങൾ പിൻപറ്റി ജീവിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ, അല്ല, ഞങ്ങളുടെ പിതാക്കൾ സ്വീകരിച്ചതായി കണ്ടതേ ഞങ്ങൾ പിൻപറ്റുകയുള്ളൂ എന്നായിരിക്കും അവർ പറയുന്നത്. അവരുടെ പിതാക്കൾ യാതൊന്നും ചിന്തിച്ച് മനസ്സിലാക്കാത്തവരും നേർവഴി കണ്ടെത്താത്തവരുമായിരുന്നെങ്കിൽ പോലും.

إِنَّ هَٰذَا الْقُرْآنَ يَهْدِي لِلَّتِي هِيَ أَقْوَمُ وَيُبَشِّرُ الْمُؤْمِنِينَ الَّذِينَ يَعْمَلُونَ الصَّالِحَاتِ أَنَّ لَهُمْ أَجْرًا كَبِيرًا

17:9 തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു.

قُلْ نَزَّلَهُ رُوحُ الْقُدُسِ مِنْ رَبِّكَ بِالْحَقِّ لِيُثَبِّتَ الَّذِينَ آمَنُوا وَهُدًى وَبُشْرَىٰ لِلْمُسْلِمِينَ

16:102 പറയുക: വിശ്വസിച്ചവരെ ഉറപ്പിച്ച് നിർത്താൻ വേണ്ടിയും, കീഴ്പെട്ടുജീവിക്കുന്നവർക്ക് മാർഗദർശനവും സന്തോഷവാർത്തയും ആയിക്കൊണ്ടും സത്യപ്രകാരം പരിശുദ്ധാത്മാവ് (ജിബരീൽ) നിന്റെ രക്ഷിതാവിങ്കൽ നിന്ന് അത് (ഖുർആൻ) ഇറക്കിയിരിക്കുകയാണ്.

إِنَّ الَّذِينَ لَا يُؤْمِنُونَ بِآيَاتِ اللَّهِ لَا يَهْدِيهِمُ اللَّهُ وَلَهُمْ عَذَابٌ أَلِيمٌ

16:104 അല്ലാഹുവിന്റെ വചനങ്ങളിൽ (ഖുർആൻ) വിശ്വസിക്കാത്തവരാരോ അവരെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച. അവർക്ക് വേദനാജനകമായ ശിക്ഷയുണ്ടായിരിക്കുന്നതുമാണ്.

إِنَّمَا يَفْتَرِي الْكَذِبَ الَّذِينَ لَا يُؤْمِنُونَ بِآيَاتِ اللَّهِ ۖ وَأُولَٰئِكَ هُمُ الْكَاذِبُونَ

16:105 അല്ലാഹുവിന്റെ വചനങ്ങളിൽ (ഖുർആൻ) വിശ്വസിക്കാത്തവർ തന്നെയാണ് കള്ളം കെട്ടിച്ചമയ്ക്കുന്നത്. അവർ തന്നെയാണ് വ്യാജവാദികൾ.

ഒരാളുടെ മനസ്സ് അല്ലാഹുവിന്റെ സന്ദേശങ്ങളെയാണ് സ്വീകരിക്കുന്നതെങ്കിൽ അയാളുടെ മെമറിയിൽ കൂടുതൽ കൂടുതൽ സത്യസന്ദേശങ്ങൾ സൂക്ഷിക്കപ്പെടുകയും വിശ്വാസം കൂടുതൽ ദൃഢമാകുകയും ചെയ്യുന്നു. ആ വിധത്തിലാണ് അല്ലാഹുവിന്റെ പ്രോഗ്രാം മനുഷ്യ ശരീരത്തിൽ പ്രവർത്തിക്കുന്നത്. ഫലത്തിൽ അയാളുടെ മെമറി സത്യസന്ദേശങ്ങൾ കൊണ്ട് നിറയുകയാണ് അഥവാ വിശാലമാകുകയാണ്. മറിച്ച് സാത്താന്റെ സന്ദേശങ്ങളാണ് സ്വീകരിക്കുന്നതെങ്കിൽ അയാളുടെ മെമറി സത്യസന്ദേശങ്ങളില്ലാതെ ചുരുങ്ങിയതാകുന്നു.

فَمَنْ يُرِدِ اللَّهُ أَنْ يَهْدِيَهُ يَشْرَحْ صَدْرَهُ لِلْإِسْلَامِ ۖ وَمَنْ يُرِدْ أَنْ يُضِلَّهُ يَجْعَلْ صَدْرَهُ ضَيِّقًا حَرَجًا كَأَنَّمَا يَصَّعَّدُ فِي السَّمَاءِ ۚ كَذَٰلِكَ يَجْعَلُ اللَّهُ الرِّجْسَ عَلَى الَّذِينَ لَا يُؤْمِنُونَ وَهَٰذَا صِرَاطُ رَبِّكَ مُسْتَقِيمًا ۗ قَدْ فَصَّلْنَا الْآيَاتِ لِقَوْمٍ يَذَّكَّرُونَ

6:125–126 ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ മെമറിയെ ഇസ്‌ലാമിലേക്ക് അവൻ തുറന്നുകൊടുക്കുന്നതാണ്. ഏതൊരാളെ അല്ലാഹു പിഴവിലാക്കാൻ ഉദ്ദേശിക്കുന്നുവോ അവന്റെ മെമറിയെ ഇടുങ്ങിയതും

ഞെരുങ്ങിയതുമാക്കിത്തീർക്കുന്നതാണ്. അവൻ ആകാശത്തിലൂടെ കയറിപ്പോകുന്നത് പോലെ. വിശ്വസിക്കാത്തവരുടെ മേൽ അപ്രകാരം അല്ലാഹു ശിക്ഷ ഏർപ്പെടുത്തുന്നു. നിന്റെ രക്ഷിതാവിന്റെ നേരായ മാർഗമാണിത് (ഇസ്‌ലാം). ശ്രദ്ധിച്ച് മനസ്സിലാക്കുന്ന ജനങ്ങൾക്ക് വേണ്ടി നാമിതാ വചനങ്ങൾ (ഖുർആൻ) വിശദീകരിച്ചിരിക്കുന്നു.

أَفَمَنْ شَرَحَ اللَّهُ صَدْرَهُ لِلْإِسْلَامِ فَهُوَ عَلَىٰ نُورٍ مِنْ رَبِّهِ ۚ فَوَيْلٌ لِلْقَاسِيَةِ قُلُوبُهُمْ مِنْ ذِكْرِ اللَّهِ ۚ أُولَٰئِكَ فِي ضَلَالٍ مُبِينٍ

39:22 അപ്പോൾ ഏതൊരാളുടെ മെമറിക്ക് ഇസ്‌ലാം സ്വീകരിക്കാൻ അല്ലാഹു വിശാലത നൽകുകയും അങ്ങനെ അവൻ തന്റെ രക്ഷിതാവിങ്കൽ നിന്നുള്ള (ഖുർആന്റെ) പ്രകാശത്തിലായിരിക്കുകയും ചെയ്തുവോ (അവൻ മെമറി ചുരുങ്ങിപ്പോയവനെ പോലെയാണോ)? എന്നാൽ അല്ലാഹുവിന്റെ സ്മരണയിൽനിന്ന് അകന്ന് മനസ്സുകൾ കടുത്തുപോയവർക്കാകുന്നു നാശം. അത്തരക്കാർ വ്യക്തമായ ദുർമാർഗത്തിലത്രെ.

സത്യസന്ദേശങ്ങൾ കൊണ്ട് നിറയുന്ന മെമറിയെയാണ് വിശാല മെമറിയെന്ന് ഖുർആൻ വിശേഷിപ്പിക്കുന്നത്. സാത്താനിക സന്ദേശങ്ങൾ കൊണ്ട് മെമറി നിറഞ്ഞാലും അതിനെ ശുഷ്കിച്ച മെമറിയായിട്ടേ അല്ലാഹു കാണുന്നുള്ളു. കാരണം അത് സത്യസന്ദേശങ്ങളില്ലാത്ത അഥവാ സത്യശൂന്യമായ മെമറിയാണ്. അല്ലാഹുവിന്റെ ഗ്രന്ഥം പഠിച്ചു മനസ്സിലാക്കി അതിലുള്ള കൽപനകൾക്കനുസരിച്ച് ജീവിക്കേണ്ടത് ഓരോ വ്യക്തിയുടെയും കർത്തവ്യമാണെന്ന് സ്പഷ്ടം.

**സാത്താനും പരീക്ഷണപ്രക്രിയയിലെ അതിന്റെ പങ്കും**

സാത്താനെ സംബന്ധിച്ച് നമ്മൾ ബോധവാൻമാരാണെങ്കിലും സാത്താൻ എന്താണെന്നോ, സാത്താനും ഇബ്‌ലീസും ഒന്നുതന്നെയാണോ അതോ വ്യത്യസ്തമാണോ എന്നൊന്നും നമുക്ക് ഇത്വരെ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. കമ്പ്യൂട്ടർ സാധർമ്മ്യത്തിലൂടെ സാത്താനെ സംബന്ധിച്ച വസ്തുതകൾ വ്യക്തമാക്കുകയാണിവിടെ.

പരീക്ഷണപ്രക്രിയയിൽ മനുഷ്യമനസ്സിനെ അല്ലാഹുവിന്റെ വഴിയിൽനിന്ന് (അതായത്, നേർവഴിയിൽനിന്ന്) തെറ്റിക്കുന്ന പ്രോഗ്രാം മനുഷ്യബയോസിസ്റ്റത്തിൽ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. അതില്ലെങ്കിൽ മനുഷ്യപരീക്ഷണം ഒരു ദുർബലപ്രക്രിയയായി മാത്രമെ ഭവിക്കുകയുള്ളു. അത്തരം ഒരു പ്രോഗ്രാം മനുഷ്യശരീരത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഖുർആനിൽനിന്ന് മനസ്സിലാകുന്നു. അതാണ് സാത്താൻ. സാത്താനെ ആദമിന്റെ ബയോസിസ്റ്റത്തിൽ ഇബ്‌ലീസ് (മലക്ക്) സ്ഥാപിച്ച (install ചെയ്ത) 'വൈറസ് പ്രോഗ്രാ'മായി വിശേഷിപ്പിക്കാവുന്നതാണ്. ഈ വിശദീകരണം സൂചിപ്പിക്കുന്നത് ഇബ്‌ലീസും സാത്താനും ഒന്നല്ലെന്നും, സാത്താൻ ഇബ്‌ലീസിന്റെ ഉപകരണം മാത്രമാണെന്നുമാണ്. ഈ വൈറസ് പ്രോഗ്രാമാണ് അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കാനായി പ്രലോഭനപരമായ സന്ദേശങ്ങളും മറ്റും മനുഷ്യമനസ്സിലേക്കെത്തിക്കുന്നത്. മനസ്സിനെയാണ് സാത്താൻ സ്വാധീനിക്കുന്നതെന്ന് ഖുർആനിൽ പലയിടത്തും വ്യക്തമാക്കുന്നുണ്ട് (ഖു. 22:53).

لِيَجْعَلَ مَا يُلْقِي الشَّيْطَانُ فِتْنَةً لِلَّذِينَ فِي قُلُوبِهِمْ مَرَضٌ وَالْقَاسِيَةِ قُلُوبُهُمْ ۗ وَإِنَّ الظَّالِمِينَ لَفِي شِقَاقٍ بَعِيدٍ

22:53 ആ പിശാച് കുത്തിച്ചെലുത്തുന്ന കാര്യത്തെ മനസ്സുകളിൽ രോഗമുള്ളവർക്കും, മനസ്സുകൾ കടുത്തുപോയവർക്കും ഒരു പരീക്ഷണമാക്കിത്തീർക്കുവാൻ വേണ്ടിയത്രെ അത്. തീർച്ചയായും അക്രമികൾ (സത്യത്തിൽ നിന്ന്) വിദൂരമായ കക്ഷിമാത്സര്യത്തിലാകുന്നു.

മനുഷ്യൻ പരീക്ഷണാവിധേയനായി ഭൂമിയിലെത്തിയ കഥ ഖുർആൻ വിവരിക്കുന്നുണ്ട്. അതിൽ സാത്താൻ എന്താണെന്നു മനസ്സിലാക്കാൻ സഹായിക്കുന്ന സൂചനകൾ തരുന്നുണ്ട്. ആദമിന്റെ സൃഷ്ടിപ്പിനെ തുടർന്നു അല്ലാഹുവിന്റെ ആജ്ഞപ്രകാരം എല്ലാ മലക്കുകളും ആദമിനെ പ്രണമിച്ചു. ഇബ്‌ലീസ് പ്രണമിക്കാതെ ഒഴിഞ്ഞു നിന്നു. അവൻ അല്ലാഹുവിനെ ധിക്കരിച്ചു – അഹങ്കാരത്തോടെ (ഖു. 2:34). അവിടെനിന്നും പുറത്തുപോകാൻ അല്ലാഹു അവനോട് കല്പിച്ചു. അപ്പോൾ ഇബ്‌ലീസ് പറഞ്ഞു, മനുഷ്യരെ നീ പുനർജീവിപ്പിക്കുന്ന ദിവസംവരെ എനിക്ക് നീ അവധി തരേണമേ. അല്ലാഹു അവന് അവധി കൊടുത്തു. അപ്പോൾ അല്ലാഹുവിനോട് ഇബ്‌ലീസ് പറഞ്ഞു, നീ എന്നെ വഴിപിഴപ്പിച്ചതിനാൽ നിന്റെ നേരായ പാതയിൽ നിന്ന് ഞാൻ മനുഷ്യരെ തടയും. അവരിൽ അധികം പേരെയും നീ നന്ദിയുള്ളവരായി കണ്ടെത്തുകയില്ല (ഖു. 7:12–18). പിന്നീടുണ്ടായ സംഭവം ഖുർആൻ ഇങ്ങനെ വിവരിക്കുന്നു (ഖു. 7:19–22): ''ആദമേ, നീയും നിന്റെ ഇണയും (ഹവ്വ) കൂടി ഈ തോട്ടത്തിൽ താമസിക്കുകയും, നിങ്ങൾക്ക് ഇഷ്ടമുള്ളേടത്തുനിന്ന് തിന്നുകൊള്ളുകയും ചെയ്യുക. എന്നാൽ ഈ വൃക്ഷത്തെ നിങ്ങൾ

സമീപിച്ചുപോകരുത്. എങ്കിൽ നിങ്ങൾ ഇരുവരും അക്രമികളിൽ പെട്ടവരായിരിക്കും എന്നും (അല്ലാഹു പറഞ്ഞു). അവരിൽ നിന്ന് മറച്ചു വെക്കപ്പെട്ടിരുന്ന അവരുടെ ഗോപ്യസ്ഥാനങ്ങൾ അവർക്കു വെളിപ്പെടുത്തുവാനായി പിശാച് (സാത്താൻ) അവർ ഇരുവരോടും ദുർമന്ത്രണം നടത്തി. അവൻ പറഞ്ഞു: നിങ്ങളുടെ രക്ഷിതാവ് ഈ വൃക്ഷത്തിൽ നിന്ന് നിങ്ങൾ ഇരുവരെയും വിലക്കിയിട്ടുള്ളത് നിങ്ങൾ ഇരുവരും മലക്കുകളായിത്തീരുമെന്നത് കൊണ്ടോ, നിങ്ങൾ ഇവിടെ നിത്യവാസികളായിത്തീരുമെന്നത്കൊണ്ടോ അല്ലാതെ മറ്റൊന്നുകൊണ്ടുമല്ല. തീർച്ചയായും ഞാൻ നിങ്ങളിരുവരുടെയും ഗുണകാംക്ഷികളിൽപ്പെട്ടവനാണ് എന്ന് അവരോട് അവൻ സത്യം ചെയ്ത് പറയുകയും ചെയ്തു. അങ്ങനെ അവർ ഇരുവരെയും വഞ്ചനയിലൂടെ അവൻ തരംതാഴ്ത്തിക്കളഞ്ഞു. അവർ ഇരുവരും ആ വൃക്ഷത്തിൽ നിന്ന് രുചി നോക്കിയതോടെ അവർക്ക് അവരുടെ ഗോപ്യസ്ഥാനങ്ങൾ വെളിപ്പെട്ടു. ആ തോട്ടത്തിലെ ഇലകൾ കൂട്ടിചേർത്ത് അവർ ഇരുവരും തങ്ങളുടെ ശരീരം പൊതിയാൻ തുടങ്ങി. അവർ ഇരുവരെയും വിളിച്ച് അവരുടെ രക്ഷിതാവ് പറഞ്ഞു: ആ വൃക്ഷത്തിൽ നിന്ന് നിങ്ങളെ ഞാൻ വിലക്കിയിട്ടില്ലേ? തീർച്ചയായും പിശാച് നിങ്ങളുടെ പ്രത്യക്ഷശത്രുവാണെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടുമില്ലേ?'' അങ്ങനെ ആദ്യ പരീക്ഷണത്തിൽ തന്നെ സാത്താന്റെ ദുർമന്ത്രണ ഫലമായി ആദമും ഹവ്വായും വഞ്ചിക്കപ്പെടുകയും പരാജയപ്പെടുകയും ചെയ്തു. അവർ അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും അനന്തരം ആദമിനെ അല്ലാഹു ഉൽകൃഷ്ടനായി തെരഞ്ഞെടുക്കുകയും പൊറുത്ത് കൊടുക്കുകയും മാർഗ്ഗദർശനം നൽകുകയും ചെയ്തു. അല്ലാഹു പറഞ്ഞു, നിങ്ങൾ രണ്ടുപേരും ഇവിടെനിന്ന് ഇറങ്ങിപ്പോകുക. എന്റെ പക്കൽ നിന്നുള്ള മാർഗ്ഗദർശനം വന്നുകിട്ടുമ്പോൾ ആർ അത് പിൻപറ്റുന്നുവോ അവൻ പിഴച്ചു പോകുകയില്ല, കഷ്ടപ്പെടുകയുമില്ല. എന്റെ ഉൽബോധനം വിട്ടു തിരിഞ്ഞുകളയുന്ന പക്ഷം തീർച്ചയായും അവൻ ശിക്ഷിക്കപ്പെടും. നിങ്ങളുടെ വാസസ്ഥലം ഭൂമിയാണ്. ഒരു നിശ്ചിതസമയംവരെ അവിടെ ജീവിത സൗകര്യങ്ങളുണ്ട്. അവിടെ നിങ്ങൾ ജീവിക്കും, അവിടെ തന്നെ നിങ്ങൾ മരിക്കും, അവിടെ നിന്നും നിങ്ങൾ പുറത്തുകൊണ്ടുവരപ്പെടുകയും (പുനർസൃഷ്ടി) ചെയ്യും (ഖു. 7:23–25). അങ്ങനെ അല്ലാഹുവിന്റെ പരീക്ഷണത്തിനു വിധേയനായി മനുഷ്യൻ ഭൂമിയിലെത്തി.

ഖുർആൻ സൂക്തങ്ങൾ 7:12–18ൽ മനുഷ്യരെ വഴിതെറ്റിക്കുമെന്നു ഇബ്‌ലീസാണ് അല്ലാഹുവോട് പറയുന്നതെങ്കിലും തുടർന്നുള്ള സൂക്തങ്ങളിൽ (ഖു. 7:19–22ൽ) ഇബ്‌ലീസല്ല ആദമിനെയും ഹവ്വയെയും അവർ താമസിച്ചിരുന്ന തോട്ടത്തിൽവെച്ച് വഴിതെറ്റിക്കുന്നത്, സാത്താനാണ്. ഇബ്‌ലീസായിരുന്നെങ്കിൽ ആ പേരുതന്നെ ഖുർആനിൽ കൊടുക്കുമായിരുന്നു. ഇത് സൂചിപ്പിക്കുന്നത് ഇബ്‌ലീസും സാത്താനും ഒന്നല്ലയെന്നാണ്. മറ്റൊരു ശ്രദ്ധേയമായ കാര്യം, സാത്താൻ ദുർമന്ത്രണം നടത്തിയാണ് അവരെ വഴിതെറ്റിക്കുന്നത്. അതായത് മനുഷ്യമനസ്സിനെയാണ് സാത്താൻ സ്വാധീനിക്കുന്നത്. ഈ ഖുർആനിക വെളിപ്പെടുത്തലിൽനിന്നും മനസ്സിലാകുന്നത് സാത്താൻ മനുഷ്യശരീരത്തിൽ തന്നെയുള്ള പ്രതിഭാസമാണെന്നാണ്. കമ്പ്യൂട്ടർ മാതൃകയുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുകയാണെങ്കിൽ, മനസ്സെന്ന പ്രോസസ്സറിനെ സ്വാധീനിക്കാൻ മനുഷ്യ സിസ്റ്റത്തിൽ ഒരു പ്രോഗ്രാമുണ്ടെങ്കിലേ സാധ്യമാകൂ. അപ്പോൾ മനുഷ്യനെ വഴിതെറ്റിക്കാൻ ഇബ്‌ലീസ് ആദമിൽ സ്ഥാപിച്ച 'വൈറസ് പ്രോഗ്രാ'മായി സാത്താനെ വിശേഷിപ്പിക്കാം. അതായത് സാത്താൻ വൈറസിനെ ഇബ്‌ലീസിന്റെ ഉപകരണമായി കണക്കാക്കാം. സാത്താൻ വൈറസ് പ്രോഗ്രാമും അല്ലാഹുവിൽനിന്നുള്ളതു തന്നെയാണ്. 'നിന്റെ നിഷ്കളങ്കരായ ദാസന്മാർ ഒഴികെ എല്ലാവരെയും നിന്റെ ശക്തികൊണ്ട് ഞാൻ വഴിതെറ്റിക്കും' (ഖു. 38:80–85) എന്ന് അല്ലാഹുവോട് ഇബ്‌ലീസ് പറഞ്ഞതിൽനിന്നും മനസ്സിലാകുന്നത് അല്ലാഹുവിന്റെ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഞാൻ മനുഷ്യരെ വഴിതെറ്റിക്കും എന്നായിരിക്കാം. ശക്തമായ സാത്താൻ വൈറസ് പ്രോഗ്രാമാണ് ഇബ്‌ലീസ് ആദമിന്റെ ബയോസോഫ്റ്റ്‌വെയറിൽ (നഫ്സിൽ) സ്ഥാപിച്ചിട്ടുള്ളത്. ഹവ്വായെ ആദമിന്റെ ബയോസോഫ്റ്റ്‌വെയറിൽനിന്നു സൃഷ്ടിച്ചതു കാരണം (ഖു. 4:1) സാത്താൻ വൈറസും ഹവ്വായുടെ ബയോസോഫ്റ്റ്‌വെയറിൽ കടന്നിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്. പിന്നീട് അവരുടെ സന്തതികളായി ഭൂമിയിൽ പിറക്കുന്ന എല്ലാ മനുഷ്യരിലും ബീജത്തിലൂടെ സാത്താൻ വൈറസ് എത്തിപ്പെടുന്നു. 'സാത്താൻ' എന്നത് ഒരു വൈറസ് പ്രോഗ്രാമാണെന്നു വിശദീകരിക്കുമ്പോൾ പ്രധാനമായും സൂചിപ്പിക്കുന്നത് സാത്താൻ മനുഷ്യനുള്ളിൽ തന്നെയുള്ളതാണെന്നും, പുറത്ത് നിന്നു മനുഷ്യനെ സ്വാധീനിക്കുന്ന പ്രതിഭാസമല്ലെന്നുമാണ്.

ഇബ്‌ലീസും സാത്താനും ഒന്നല്ലെന്ന കാഴ്ചപ്പാടിനെ ബലവത്താക്കുന്ന മറ്റൊരു വസ്തുത സാത്താനുകൾ (ശയാത്തീൻ) എന്ന ബഹുവചനം ഖുർആനിൽ ഉപയോഗിച്ചിട്ടുണ്ടെന്നുള്ളതാണ് (ഖു. 2:14; 7:27), പക്ഷെ ഇബ്‌ലീസിനില്ല.

وَإِذَا لَقُوا الَّذِينَ آمَنُوا قَالُوا آمَنَّا وَإِذَا خَلَوْا إِلَىٰ شَيَاطِينِهِمْ قَالُوا إِنَّا مَعَكُمْ إِنَّمَا نَحْنُ مُسْتَهْزِئُونَ

2:14 വിശ്വാസികളെ കണ്ടുമുട്ടുമ്പോൾ അവർ പറയും; ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. അവർ തങ്ങളുടെ (കൂട്ടാളികളായ) പിശാചുക്കളുടെ അടുത്ത് തനിച്ചാകുമ്പോൾ അവരോട് പറയും: ഞങ്ങൾ നിങ്ങളോടൊപ്പം തന്നെയാകുന്നു. ഞങ്ങൾ (മറ്റവരെ) കളിയാക്കുക മാത്രമായിരുന്നു.

ഇബ്‌ലീസ് എന്ന പദം ഏകവചനത്തിൽ മാത്രമെ ഖുർആനിൽ കാണുന്നുള്ളൂ. സാത്താനു അടിമപ്പെട്ടു ജീവിക്കുന്ന മനുഷ്യരെയാണ് 'സാത്താനുകൾ' (ശയാത്തീൻ) എന്ന ബഹുവചനം അർത്ഥമാക്കുന്നത്. അവരിൽ സാത്താൻ വൈറസുള്ളത്കൊണ്ടല്ല, മറിച്ച് അവർ അതിനു കീഴ്പ്പെട്ടതുകൊണ്ടാണ് അങ്ങനെയുള്ളവരെ സാത്താന്മാരായി ഖുർആൻ വിശേഷിപ്പിക്കുന്നത്. മനുഷ്യമനസ്സിനെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്നും തെറ്റിക്കാൻ സാത്താൻ വൈറസിനെ ഉപകരണമാക്കിയത് പരീക്ഷണപ്രക്രിയയുടെ കാതലായ സാങ്കേതികവശമാണ്. അതുവഴി, തന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി ജീവിക്കുന്ന ദാസന്മാരെ തിരഞ്ഞെടുക്കാനായുള്ള അല്ലാഹുവിന്റെ പരീക്ഷണപ്രക്രിയ അങ്ങേയറ്റം മികവുറ്റതായിരിക്കയാണ്. ഇബ്‌ലീസിനെയും സാത്താനെയും വേർതിരിച്ച് കാണാത്തതിനാൽ പരിഭാഷകളിൽ സാത്താനെ പരാമർശിച്ച് കാണുന്നത് 'അവൻ' എന്നാണ്. സാത്താൻ ഒരു വൈറസ് പ്രോഗ്രാമായതിനാൽ സാത്താനെ ഇവിടെ പരാമർശിക്കുന്നത് 'അത്' എന്നാണ്.

**യഥാർത്ഥ മുസ്‌ലിം അഥവാ മുത്തഖീൻ**

എന്താണ് ഇസ്‌ലാമിക ജീവിതമെന്നത്കൊണ്ട് ഉദ്ദേശിക്കുന്നത്? മനുഷ്യനെ പരീക്ഷണവിധേയനായ ബുദ്ധിയുള്ള, ബോധമുള്ള, സ്വതന്ത്രേച്ഛയുള്ള റൊബോട്ടായിക്കാണുമ്പോൾ, സ്രഷ്ടാവിന്റെ കഴിവിനെ മനസ്സിലാക്കി, സ്വമേധയാ അവനു കീഴടങ്ങി അവന്റെ നിർദ്ദേശങ്ങൾ മെമറിയിൽ സൂക്ഷിച്ച് അവ അനുസരിച്ച് മാത്രം ജീവിതം നയിക്കുന്ന വ്യക്തിയായി മാറുക എന്ന തത്വമാണ്. ഒരുദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. നിങ്ങൾ കാർ ഓടിച്ചുകൊണ്ടിരിക്കയാണെന്ന് സങ്കൽപ്പിക്കുക. റോഡിൽ ചുവന്ന ട്രാഫിക് ലൈറ്റ് തെളിയുമ്പോൾ നിയമം അനുസരിച്ചു നിങ്ങൾ കാർ നിർത്തുന്നു. ഈ നിയമം അനുസരിക്കാതിരിക്കാനും നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ടെങ്കിലും നിങ്ങൾ അത് ചെയ്യുന്നില്ല; അനുസരിക്കുകയാണ് ചെയ്യുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ആ നിയമം നിങ്ങൾ മെമറിയിൽ സൂക്ഷിക്കുകയും അതിനെ ധിക്കരിക്കുവാനുള്ള സ്വാതന്ത്ര്യം നിരസിക്കുകയുമാണ് ചെയ്യുന്നത്. തീരുമാനസ്വാതന്ത്ര്യത്തെ നിങ്ങൾ ആ സന്ദർഭത്തിൽ വെടിയുന്നു. അതുപോലെ ഖുർആനിലെ അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ ഒരു വ്യക്തി തന്റെ മെമറിയിൽ സൂക്ഷിക്കുന്നത് (അതായത്, മനഃപാഠമാക്കുന്നത്) കമ്പ്യൂട്ടറിൽ ഒരു സോഫ്റ്റ്‌വെയർ അപ്‌ലോഡ് ചെയ്തതിന് സമാനമാണ്. ആ ദൈവികനിർദ്ദേശങ്ങളനുസരിച്ച് അയാളുടെ മനസ്സ് പ്രവർത്തിക്കുമ്പോൾ ഫലത്തിൽ അയാളുടെ സ്വതന്ത്രേച്ഛയെ എല്ലാകാര്യത്തിലും ഉപേക്ഷിക്കുകയാണ് അയാൾ ചെയ്യുന്നത്. അല്ലാഹുവിന്റെ ഇഷ്ടവും അനിഷ്ടവും അയാളുടെ ഇഷ്ടവും അനിഷ്ടവുമായി മാറുന്നു. അതായത് സ്വതന്ത്രേച്ഛയുള്ള മനുഷ്യ റൊബോട്ട് തന്റെ തീരുമാനസ്വാതന്ത്ര്യം സ്വമേധയാ ത്യജിച്ച് അല്ലാഹുവിന്റെ തൃപ്തിമാത്രം കാംക്ഷിച്ച് അവന്റെ കൽപനകൾ മാത്രം അനുസരിച്ചു ജീവിക്കുന്ന 'സ്വതന്ത്രേച്ഛയില്ലാത്ത' റൊബോട്ടായി മാറുന്നു. അപ്രകാരം ജീവിക്കുന്നവരെയാണ് 'മുത്തഖീൻ' അഥവാ അല്ലാഹുവെ ഭയന്നും സൂക്ഷിച്ചും ജീവിക്കുന്നവരെന്ന് ഖുർആനിൽ വിശേഷിപ്പിക്കുന്നത്. അവർ പ്രപഞ്ചത്തിലെ മറ്റേത് വ്യവസ്ഥയും പോലെ അല്ലാഹുവിന്റെ ആജ്ഞകൾക്ക് മാത്രം വിധേയരായി ജീവിക്കുന്നവരാകുന്നു.